19
2024
ഡിസംബർ
വ്യാഴം
ധനു 4

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.33 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-33 പേജ് 4. വില 2.00 രൂപ




02 അശ്വമേധം അവസാനിപ്പിച്ച് സ്പിൻ മാന്ത്രികൻ; ഞെട്ടിച്ച് വിരമിക്കൽ പ്രഖ്യാപനം

03 മാസപ്പടിക്കേസ്;കൈക്കൂലി കിട്ടിയോയെന്ന് പരിശോധിക്കും

04 കണ്ടവർ പറയുന്നു – വ്യത്യസ്തം ഈ സിനിമ ലോകം

# വിഴിഞ്ഞം തുറമുഖത്തിന് പുതിയ ലൊക്കേഷൻ കോഡ്

## ഇന്ത്യയുടെയും തിരുവനന്തപുരത്തിന്റെയും ചുരുക്കെഴുത്ത്



തിരുവനന്തപുരം : വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന് പുതിയ ലൊക്കേഷൻ കോഡ്. ഇന്ത്യയുടെയും തിരുവനന്തപുരം ജില്ലയുടെയും ചുരുക്കെഴുത്ത് ചേർത്ത് IN TRV 01 എന്നതാണ് പുതിയ കോഡ്. തുറമുഖ മന്ത്രി വി.എൻ. വാസവൻ ആണ് ഇക്കാര്യം അറിയിച്ചത്.

ഇന്ത്യയുടെയും നെയ്യാറ്റിൻകരയുടെയും ചുരുക്കെഴുത്ത് ചേർത്ത് IN NYY 1 എന്നതായിരുന്നു ആദ്യം ലഭിച്ച ലൊക്കേഷൻ കോഡ്. അംഗരാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക സഹകരണവും ഏകീകരണവും പ്രോത്സാഹിപ്പിക്കുന്ന ഐക്യരാഷ്ട്ര സംഘടനയുടെ 5 പ്രാദേശിക കമ്മിഷനുകളിൽ ഒന്നായ യുണൈറ്റഡ് നേഷൻസ് ഇക്കണോമിക് കമ്മിഷൻ ഫോർ യൂറോപ് (UNECE) ഏകീകൃത ലോക്കേഷൻ കോഡ് വേണമെന്ന നിർദ്ദേശം വച്ചതിനെ തുടർന്നാണ് മാറ്റം വരുത്തിയത്.

രാജ്യാന്തര വിമാനത്താവളം ഉൾപ്പെടെ തിരുവനന്തപുരത്തിന്റെ ലൊക്കേഷൻ കോഡ് ടിആർവി എന്നതാണ്. രാജ്യാന്തര തലത്തിൽ പ്രവർത്തിക്കുന്നതിനാൽ നിർദേശം സ്വീകരിച്ചു വിഴിഞ്ഞം തുറമുഖം അതിനായി അപേക്ഷ നൽകുകയായിരുന്നു. കേന്ദ്രസർക്കാരിനു കീഴിലെ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിസ്റ്റം ആന്റ് ഡേറ്റാ മാനേജ്മെന്റാണു ലൊക്കേഷൻ കോഡ് അനുവദിക്കുന്നത്. ഈ ഏജൻസി അനുവദിച്ച പുതിയ കോഡിന് അംഗീകാരം നൽകി. നാവിഗേഷൻ, ഷിപ്പിങ് ഇതിനെല്ലാം ഇനി IN TRV 01 കോഡാണ് ഉപയോഗിക്കുക.



## കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം കെ.ജയകുമാറിന്

ന്യൂഡൽഹി: 2024–ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം മുൻ ചീഫ് സെക്രട്ടറിയും കവിയുമായ കെ.ജയകുമാറിന്. പിങ്ഗള കേശിനി എന്ന കവിതാ സമാഹാരത്തിനാണ് പുരസ്കാരം ലഭിച്ചത്.

ഗാനരചയിതാവ്, വിവർത്തകൻ, ചിത്രകാരൻ, തിരക്കഥാകൃത്ത് എന്നീ നിലകളിൽ അറിയപ്പെടുന്ന ജയകുമാർ നിലവിൽ കേരള സർക്കാരിൻറെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഡയറക്ടറാണ്.

ആകെ 24 ഭാഷകളിൽ 21 എണ്ണത്തിലേക്കുള്ള പുരസ്കാരമാണ് ഇപ്പോൾ പ്രഖ്യാപിച്ചത്. എട്ട് കവിതാ സമാഹാരങ്ങൾക്കും മൂന്ന് നോവലുകൾക്കും രണ്ട് ചെറുകഥാ സമാഹാരങ്ങൾക്കും മൂന്ന് ഉപന്യാസങ്ങൾക്കും മൂന്ന് സാഹിത്യ വിമർശന പുസ്തകങ്ങൾക്കും ഒരു നാടകത്തിനുമാണ് ഇപ്പോൾ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചിട്ടുള്ളത്.



നഗരനയ കമ്മിഷൻ ഇടക്കാല റിപോർട്ട് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

## എം.ആർ. അജിത് കുമാറിന് ഡിജിപിയായി സ്ഥാനക്കയറ്റം

തിരുവനന്തപുരം: ഗുരുതര ആരോപണങ്ങളിൽ അന്വേഷണം നേരിടുന്ന എഡിജിപി എം.ആർ.അജിത് കുമാറിന് ഡിജിപിയായി സ്ഥാനക്കയറ്റം നൽകാനുള്ള ശിപാർശ മന്ത്രിസഭായോഗം അംഗീകരിച്ചു. ജൂലൈ ഒന്നിന് നിലവിലെ പോലീസ് മേധാവി ഷെയ്ഖ് ദർവേസ് സാഹിബ് സർവീസിൽനിന്ന് വിരമിക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവിലേക്കാണ് അജിത്കുമാറിന് സ്ഥാനക്കയറ്റം നൽകുക.

ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള കമ്മിറ്റിയാണ് അജിത് കുമാറിന് സ്ഥാനക്കയറ്റത്തിന് ശിപാർശ നൽകിയിരുന്നത്. വിജിലൻസ് അന്വേഷണം നേരിടുന്നതുകൊണ്ട് മാത്രം സ്ഥാനക്കയറ്റം തടയാനാകില്ലെന്ന് ചീഫ് സെക്രട്ടറി വ്യക്തമാക്കിയിരുന്നു.

പൂരം കലക്കൽ, ആർഎസ്എസ് നേതാക്കളുമായുള്ള കൂടിക്കാഴ്ച തുടങ്ങിയ വിഷയങ്ങളിലും അജിത്കുമാറിനെതിരേ അന്വേഷണം നടക്കുന്നുണ്ട്. എന്നാൽ ഇതൊന്നും സ്ഥാനക്കയറ്റത്തിന് തടസമാകില്ലെന്നാണ് കമ്മിറ്റിയുടെ വിലയിരുത്തൽ.

## എം.എം. ലോറൻസിൻെറ മൃതദേഹം മെഡിക്കൽ കോളജിന്

കൊച്ചി: എം.എം.ലോറൻസിൻറെ മൃതദേഹം മതാചാരപ്രകാരം സംസ്കരിക്കാൻ വിട്ടുനൽകണമെന്നാവശ്യപ്പെട്ടുള്ള പെൺമക്കളുടെ ഹർജി ഹൈക്കോടതി തള്ളി. മൃതദേഹം കളമശേരി മെഡിക്കൽ കോളജ് ഏറ്റെടുത്ത നടപടി കോടതി ശരിവച്ചു. ചീഫ് ജസ്റ്റീസ് നിതിൻ ജംദാർ, ജസ്റ്റീസ് എസ്.മനു എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചാണ് ഹർജി തള്ളിയത്. മൃതദേഹം മതാചാരപ്രകാരം സംസ്കരിക്കാൻ വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ട് മക്കളായ ആശാ ലോറൻസും സുജാത ബോബനുമാണ് ഹൈക്കോടതിയെ സമീപിച്ചത്.

## ശബരി റെയിൽ പാത രണ്ട് ഘട്ടമായി നടപ്പാക്കും; 50 ശതമാനം ചെലവ് വഹിക്കാമെന്ന് കേരളം

തിരുവനന്തപുരം: ശബരി റെയിൽ പാത രണ്ട് ഘട്ടമായി നടപ്പാക്കുമെന്ന് സംസ്ഥാന സർക്കാർ. മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

നിലവിൽ സിങ്കിൾ ലൈനുമായി മുന്നോട്ട് പോകാനാണ് തീരുമാനം. വികസന ഘട്ടത്തിൽ പാതയിരട്ടിപ്പിക്കൽ പരിഗണിക്കും. ഇല്ലെങ്കിൽ താങ്ങാനാകാത്ത ഇരട്ടി ചെലവ് വരുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

ഇതിൻറെ അനുമതിക്കായി കേന്ദ്രസർക്കാരിനെ സമീപിക്കും. റിസർവ് ബാങ്കുമായി ചേർന്നുള്ള ത്രികക്ഷി കരാർ എന്ന കേന്ദ്ര നിർദേശത്തിന് സംസ്ഥാനം വഴങ്ങിയില്ല.

ആദ്യഘട്ടത്തിൽ അങ്കമാലി – എരുമേലി – നിലക്കൽ പാത പൂർത്തീകരിക്കും. നിർമാണ ചെലവിൻറെ 50 ശതമാനം തുക കിഫ്ബി വഹിക്കാമെന്ന സർക്കാർ തീരുമാനം തുടരും.

കേരള വികസനത്തിന് വലിയ കുതിപ്പേകുംവിധം ശബരി റെയിൽ പദ്ധതി വിപുലീകരിക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. നിലവിൽ കേന്ദ്ര സർക്കാരിൻറെ പരിഗണനയിലുള്ള ചെങ്ങന്നൂർ – പമ്പ പദ്ധതിക്ക് പകരം വിഴിഞ്ഞത്തെ ബന്ധിപ്പിക്കാവുന്ന പദ്ധതിയായി ഭാവിയിൽ ഇത് വികസിപ്പിക്കാവുന്നതാണെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

## വയനാട് ദുരന്തത്തിന് പിന്നാലെ പണം ചോദിച്ചത് അദ്ഭുതപ്പെടുത്തുന്നു

കൊച്ചി: വയനാട് ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട കണക്കുകൾ കേന്ദ്ര സർക്കാരിന് കൈമാറിയെന്ന് സംസ്ഥാനം ഹൈക്കോടതിയിൽ. കേന്ദ്ര ആഭ്യന്തര സെക്രട്ടറിക്ക് അയച്ച കത്തും സർക്കാർ കോടതിയിൽ ഹാജരാക്കി. കോടതി നിർദേശപ്രകാരമാണ് കണക്കുകൾ കൊടുത്തതെന്നും സർക്കാർ വ്യക്തമാക്കി.

എന്നാൽ, കത്ത് ഔദ്യോഗികമായി ലഭിച്ചില്ലെന്നാണ് കേന്ദ്രം കോടതിയെ അറിയിച്ചത്. ഇതോടെ നടപടിക്രമങ്ങൾ പാലിച്ച് ഇന്ന് തന്നെ കത്തയയ്ക്കാമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തെ അറിയിച്ചു.

ദുരന്തമുഖത്തെ എയർലിഫ്റ്റിംഗിന് പണം ചോദിച്ച കേന്ദ്ര നീക്കത്തെയും ഹൈക്കോടതി രൂക്ഷമായി വിമർശിച്ചു. 2016, 2017 വർഷത്തെ എയർലിഫ്റ്റിംഗ് ചാർജുകൾ എന്തിന് ഇപ്പോൾ ചോദിക്കുന്നെന്നും കോടതി ചോദ്യമുന്നയിച്ചു. ചൂരൽമല ഉരുൾപൊട്ടലിന് തൊട്ടുപിന്നാലെ തുക ചോദിച്ചത അദ്ഭുതപ്പെടുത്തുന്നു. കേന്ദ്രം സമർപ്പിച്ച 132 കോടി രൂപ ബില്ലിൽ വയനാട് ദുരന്തത്തിന് ചെലവായത് 13 കോടിയാണ്. ബാക്കി ബില്ലുകൾ എട്ട് വർഷം മുമ്പുള്ളതാണ്. പെട്ടെന്ന് ഈ ബില്ലുകളെല്ലാം എവിടുന്ന് കിട്ടിയെന്നും കോടതി ചോദിച്ചു.

ഇക്കാര്യത്തിൽ കൃത്യമായ മറുപടി നൽകാനും കേന്ദ്രത്തോട് കോടതി നിർദേശിച്ചു. അടുത്ത മാസം 10ന് കേസ് വീണ്ടും പരിഗണിക്കും.

## എട്ട് നഗരസഭകളിലെ വാർഡ് വിഭജനം ഹൈക്കോടതി റദ്ദാക്കി

കൊച്ചി: വാർഡ് വിഭജനത്തിൽ സംസ്ഥാന സർക്കാരിന് തിരിച്ചടി. എട്ട് നഗരസഭകളിലെയും ഒരു ഗ്രാമപഞ്ചായത്തിലെയും വാർഡ് വിഭജനം ഹൈക്കോടതി റദ്ദാക്കി. ഇത് നിയമവിരുദ്ധമാണെന്ന് കോടതി നിരീക്ഷിച്ചു. ഒമ്പതിടത്തും മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെന്നും കോടതി വ്യക്തമാക്കി.

പാനൂർ, കൊടുവള്ളി, ഫറോക്ക്, മുക്കം, മട്ടന്നൂർ, പയ്യോളി, പട്ടാമ്പി, ശ്രീകണ്ഠാപുരം, നഗരസഭകളിലെയും കാസർഗോട്ടെ പടന്ന ഗ്രാമപഞ്ചായത്തിലെയും വാർഡ് വിഭജനമാണ് റദ്ദാക്കിയത്.

വാർഡ് വിഭജനത്തിനെതിരേ മുസ്‌ലീം ലീഗ് വാർഡ് കൗൺസിലർമാരാണ് കോടതിയെ സമീപിച്ചത്. 2011ൽ സെൻസസ് പൂർത്തിയാക്കിയ പ്രകാരം 2015ൽ ഇവിടെ വാർഡ് വിഭജനം നടന്നതാണ്. ഈ സാഹചര്യത്തിൽ പുതിയ സെൻസസ് വരാതെ വീണ്ടും വാർഡ് വിഭജനം അംഗീകരിക്കരുതെന്നായിരുന്നു ഇവരുടെ ആവശ്യം.

പഴയ സെൻസസിൻറെ അടിസ്ഥാനത്തിൽ വാർഡ് പുനർവിഭജനം നടത്തുന്നത് സെൻസസ് നിയമത്തിൻറെയും കേരള മുനിസിപ്പൽ നിയമത്തിൻറെയും ലംഘനമാണെന്നായിരുന്നു ഹർജിക്കാരുടെ വാദം. ഈ വാദം അംഗീകരിച്ചുകൊണ്ടാണ് കോടതി നടപടി.



# അശ്വമേധം അവസാനിപ്പിച്ച് സ്പിൻ മാന്ത്രികൻ; ഞെട്ടിച്ച് വിരമിക്കൽ പ്രഖ്യാപനം



ബ്രിസ്ബേൻ: ഇന്ത്യൻ സ്പിൻ മാന്ത്രികൻ ആർ. അശ്വിൻ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു. ബ്രിസ്ബേനിൽ ഇന്ത്യ- ഓസ്ട്രേലിയ ടെസ്റ്റ് സമനിലയിൽ കലാശിച്ചതിനു പിന്നാലെയാണ് 38 കാരനായ താരം അപ്രതീക്ഷിതമായി വിരമിക്കൽ അറിയിച്ചത്. ഗാബ ടെസ്റ്റിൻറെ ഭാഗമായിരുന്നില്ലെങ്കിലും അഡ്ലെയ്ഡിൽ നടന്ന രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ താരം കളിച്ചിരുന്നു.

രാജ്യാന്തര ക്രിക്കറ്റിൽ എല്ലാ ഫോർമാറ്റിലും ഇന്ത്യൻ താരമെന്ന നിലയിൽ തൻറെ അവസാന ദിനമാണ് ഇതെന്ന് മത്സരത്തിനു ശേഷം വാർത്താ സമ്മേളനത്തിന് ക്യാപ്റ്റൻ രോഹിത് ശർമയ്ക്കൊപ്പം എത്തിയ അശ്വിൻ പറഞ്ഞു.

ബിസിസിഐയ്ക്കും സഹതാരങ്ങൾക്കും നന്ദി പറയേണ്ടത് ഈ ഘട്ടത്തിൽ അനിവാര്യമാണ്. അതിൽ കുറച്ചുപേരുടെ പേരെടുത്തു പറയേണ്ടതുണ്ട്. രോഹിത്, കോഹ്ലി, രഹാനെ, പൂജാര തുടങ്ങിയവരാണ് മികച്ച ക്യാച്ചുകളിലൂടെ തൻറെ പേരിലുള്ള വിക്കറ്റുകളിൽ ഏറെയും സമ്മാനിച്ചതെന്നും അശ്വിൻ കൂട്ടിച്ചേർത്തു.

അന്താരാഷ്ട്ര ക്രിക്കറ്റിലും ടെസ്റ്റ് ക്രിക്കറ്റിലും ഇന്ത്യയുടെ രണ്ടാമത്തെ മുൻനിര വിക്കറ്റ് വേട്ടക്കാരനായ അശ്വിൻ 2011 നവംബർ ആറിന് ഡൽഹിയിൽ വെസ്റ്റ് ഇൻഡീസിനെതിരേയാണ് ടെസ്റ്റ് അരങ്ങേറ്റം കുറിച്ചത്.

13 വർഷം നീണ്ട രാജ്യാന്തര കരിയറിൽ 106 ടെസ്റ്റ് മത്സരങ്ങളിൽ നിന്നായി 537 വിക്കറ്റുകളാണ് താരം സ്വന്തമാക്കിയത്. ഇന്ത്യൻ സ്പിന്നർമാരിൽ 132 ടെസ്റ്റുകളിൽ നിന്ന് 619 വിക്കറ്റ് വീഴ്ത്തിയ അനിൽ കുംബ്ലെ മാത്രമാണ് അദ്ദേഹത്തിനു മുന്നിലുള്ളത്. ടെസ്റ്റ് ക്രിക്കറ്റിലെ എക്കാലത്തെയും മികച്ച വിക്കറ്റ് വേട്ടക്കാരിൽ ഏഴാമനാണ് അശ്വിൻ.

ടെസ്റ്റിൽ 37 തവണ അഞ്ചുവിക്കറ്റ് നേട്ടം കൈവരിച്ച അശ്വിൻ, ഇക്കാര്യത്തിൽ ഇതിഹാസ താരം ഷെയ്ൻ വോണിനൊപ്പം രണ്ടാം സ്ഥാനത്താണ്. 67 അഞ്ചുവിക്കറ്റ് നേട്ടമുള്ള ശ്രീലങ്കൻ ഇതിഹാസം മുത്തയ്യ മുരളീധരനാണ് ഒന്നാമത്. ടെസ്റ്റിൽ ആറു സെഞ്ചുറികളും 14 അർധ സെഞ്ചുറികളും സഹിതം 3503 റൺസാണ് അശ്വിൻറെ സമ്പാദ്യം. ഒരേ ടെസ്റ്റിൽ കൂടുതൽ സെഞ്ചുറികളും അഞ്ച് വിക്കറ്റും എന്ന നേട്ടം നാലുതവണ സ്വന്തം പേരിലാക്കി.

കൂടാതെ, 116 ഏകദിനങ്ങളിൽ നിന്നായി 156 വിക്കറ്റുകളും 65 ട്വൻറി20 മത്സരങ്ങളിൽ നിന്നായി 72 വിക്കറ്റുകളും നേടിയിട്ടുണ്ട്. ഏകദിനത്തിൽ 63 ഇന്നിംഗ്സുകളിൽനിന്ന് 16.44 ശരാശരിയിൽ 707 റൺസും ട്വൻറി 20യിൽ 19 ഇന്നിംഗ്സുകളിൽനിന്ന് 26.29 ശരാശരിയിൽ 184 റൺസും നേടി.



കെഎസ്എഫ്ഇയുടെ ലാഭവിഹിതമായ 35 കോടി രൂപയുടെ ചെക്ക് ധന വകുപ്പ് മന്ത്രി കെ എൻ ബാലഗോപാലിന് കമ്പനി ചെയർമാൻ കെ വരദരാജൻ കൈമാറുന്നു.

# ആദിവാസി സ്ത്രീയുടെ മൃതദേഹം ഓട്ടോറിക്ഷയിൽ കൊണ്ടുപോയ സംഭവം; ട്രൈബൽ പ്രമോട്ടറെ പിരിച്ചുവിട്ടു

വയനാട്: മാനന്തവാടിയിൽ ആദിവാസി സ്ത്രീയുടെ മൃതദേഹം ഓട്ടോറിക്ഷയിൽ കൊണ്ടുപോയ സംഭവത്തിൽ ട്രൈബൽ പ്രമോട്ടറെ പിരിച്ചുവിട്ടു. ട്രൈബൽ പ്രമോട്ടർ മഹേഷ് കുമാറിനെ പിരിച്ചുവിട്ട് ഉത്തരവിറങ്ങി. താൽക്കാലിക ജീവനക്കാരനാണ് മഹേഷ്. സംഭവത്തിൽ മറ്റ് ട്രൈബൽ പ്രമോട്ടർമാർ ഇന്ന് പ്രതിഷേധിക്കും.

താൽക്കാലിക ജീവനക്കാരനായ പ്രമോട്ടറെ ബലിയാടാക്കുകയാണെന്നാണ് മറ്റ് ട്രൈബൽ പ്രമോട്ടർമാർ പറയുന്നത്. ആദിവാസി മേഖലയിൽ നിന്നു തന്നെ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നിയോഗിക്കുന്ന ആളാണ് പ്രമോട്ടർ. പഞ്ചായത്തിൻറെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായതായാണ് മഹേഷ് കുമാർ പറയുന്നത്.

രണ്ട് ആംബുലൻസുകൾ പര്യാപ്തമല്ലെന്ന് പലതവണ അധികൃതരെ അറിയിച്ചിട്ടുണ്ടെന്ന് പിരിച്ചുവിട്ട ട്രൈബൽ പ്രമോട്ടർ മഹേഷ് കുമാർ പറഞ്ഞു. സംഭവത്തിൽ താൻ ഉത്തരവാദി അല്ലാതിരുന്നിട്ടും കടുത്ത നടപടിയാണ് നേരിടേണ്ടി വന്നതെന്നാണ് പിരിച്ചുവിട്ട പ്രമോട്ടർ പറയുന്നത്. വിഷയത്തിൽ പട്ടികജാതി പട്ടിക ഗോത്ര വർഗ കമ്മീഷൻ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

## എം പോക്സ് ; ഒരാൾക്കുകൂടി രോഗം സ്ഥിരീകരിച്ചു

കണ്ണൂർ: വിദേശത്തു നിന്ന് എത്തിയ തലശേരി സ്വദേശിയായ യുവാവിന് എം പോക്സ് സ്ഥിരീകരിച്ചു. പരിയാരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന യുവാവിൻറെ ആരോഗ്യനില തൃപ്തികരമാണെന്ന് ആശുപത്രി അധികൃതർ പറഞ്ഞു.

കഴിഞ്ഞ ദിവസം വയനാട് സ്വദേശിയായ യുവാവിനും രോഗം സ്ഥിരീകരിച്ചു. ഇയാളും പരിയാരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. രണ്ടുപേർക്ക് രോഗം സ്ഥിരീകരിച്ചതോടെ മന്ത്രി വീണാ ജോർജിൻറെ നേതൃത്വത്തിൽ സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി.

## ആദിവാസി യുവാവിനെ റോഡിലൂടെ വലിച്ചിഴച്ച സംഭവം; രണ്ട് പ്രതികൾക്കായി ലുക്കൗട്ട് നോട്ടീസ്

വയനാട്: മാനന്തവാടിയിൽ ആദിവാസി യുവാവിനെ റോഡിലൂടെ വലിച്ചിഴച്ച സംഭവത്തിൽ രണ്ട് പ്രതികൾക്കായി ലുക്കൗട്ട് നോട്ടീസ് പുറത്തിറക്കി. പനമരം സ്വദേശികളായ താഴെപുനത്തിൽ വീട്ടിൽ ടി.പി. നബീൽ കമർ (25), കുന്നുമ്മൽ വീട്ടിൽ കെ. വിഷ്ണു എന്നിവർക്ക് വേണ്ടിയാണ് ലുക്കൗട്ട് നോട്ടീസ് പുറത്തിറക്കിയിരിക്കുന്നത്.

ഇവർ ജില്ല വിട്ട് പോയിട്ടുണ്ടാവാമെന്നാണ് പോലീസിൻറെ വിലയിരുത്തൽ. കേസിൽ ചൊവ്വാഴ്ച രണ്ട് പേരെ അറസ്റ്റ് ചെയ്തിരുന്നു. പച്ചിലക്കാട് സ്വദേശികളായ മുഹമ്മദ് ഹർഷിദ്, അഭിരാം എന്നിവരാണ് പിടിയിലായത്. ചെക്ക് ഡാം കാണാനെത്തിയ രണ്ട് സംഘങ്ങൾ തമ്മിലുണ്ടായ തർക്കത്തിൽ ഇടപെട്ട കൂടൽകടവ് സ്വദേശി മാതനോടാണ് കാറിൽ സഞ്ചരിച്ചിരുന്നവർ ക്രൂരത കാട്ടിയത്. കാറിൻറെ ഡോറിനോട് കൈ ചേർത്ത് പിടിച്ച് അരക്കിലോമീറ്ററോളം ദൂരമാണ് യുവാവിനെ റോഡിലൂടെ വലിച്ചിഴച്ചത്. അരയ്ക്കും കൈകാലുകൾക്കും സാരമായി പരിക്കേറ്റ ഇയാൾ മാനന്തവാടി മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. സംഭവത്തിൽ പോലീസ് വധശ്രമത്തിന് കേസെടുത്തിരുന്നു.

## സ്കോളർഷിപ്പിന് അപേക്ഷിക്കാം

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ എട്ടാംക്ലാസ് മുതൽ പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്ന കുട്ടികളിൽ നിന്നും 2024-25 അധ്യയന വർഷത്തെ സ്കോളർഷിപ്പിനുള്ള അപേക്ഷ 31 വരെ സ്വീകരിക്കും. അപേക്ഷാ ഫോം അതാതു ജില്ലാ ഓഫീസിലും www.kmtwwfb.org യിലും ലഭിക്കും.

# വിൻഡീസ് മണ്ണിൽ ട്വൻറി20 പരമ്പര വിജയം; ചരിത്രം കുറിച്ച് ബംഗ്ലാദേശ്

കിംഗ്സ്ടൗൺ: വിൻഡീസ് മണ്ണിൽ ആദ്യമായി ട്വൻറി20 പരമ്പര സ്വന്തമാക്കി ബംഗ്ലാദേശ്. കിംഗ്സ്ടൗൺ സെൻറ് വിൻസെൻറ്, അർണോസ് വെയിൽ സ്റ്റേഡിയത്തിൽ നടന്ന രണ്ടാം മത്സരത്തിൽ 27 റൺസിനാണ് സന്ദർശകരുടെ വിജയം. ഇതോടെ മൂന്ന് മത്സരങ്ങളടങ്ങുന്ന പരമ്പരയും ടീം നേടി. നേരത്തെ, മൂന്ന് മത്സരങ്ങളുള്ള ഏകദിന പരമ്പര വെസ്റ്റ് ഇൻഡീസ് തൂത്തുവാരിയിരുന്നു.

ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശ് ഉയർത്തിയ 130 റൺസ് വിജയലക്ഷ്യം പിന്തുടർന്ന വിൻഡീസ് 18.3 ഓവറിൽ 102 റൺസിനു പുറത്തായി. 34 പന്തിൽ 32 റൺസ് നേടിയ റോസ്റ്റൺ ചേസാണ് ആതിഥേയ നിരയിലെ ടോപ് സ്കോറർ. കൂടാതെ, 31 റൺസെടുത്ത അകീൽ ഹൊസൈനും 14 റൺസെടുത്ത ജോൺസൺ ചാൾസിനുമൊഴികെ മറ്റാർക്കും രണ്ടക്കം പോലും കടക്കാനായില്ല. നാലു ബാറ്റർമാർ പൂജ്യത്തിനു പുറത്തായി.

ബംഗ്ലാദേശിനു വേണ്ടി 16 റൺസ് മാത്രം വഴങ്ങി മൂന്നുവിക്കറ്റ് വീഴ്ത്തിയ ടസ്കിൻ അഹമ്മദാണ് വിൻഡീസ് ബാറ്റിംഗ് നിരയെ വരിഞ്ഞുകെട്ടിയത്. മഹെദി ഹസൻ, തൻസിം ഹസൻ സാക്കിബ്, റിഷാദ് ഹൊസൈൻ എന്നിവർ രണ്ടുവിക്കറ്റ് വീതവും ഹസൻ മഹ്മൂദ് ഒരുവിക്കറ്റും വീഴ്ത്തി.

നേരത്തെ, ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശ് ഷമീം ഹൊസൈൻ (35), മെഹിദി ഹസൻ മിറാസ് (26), ജാക്കർ അലി (21) എന്നിവരുടെ പ്രകടനത്തിലാണ് 129 റൺസ് സ്കോർ ചെയ്തത്. വിൻഡീസിനു വേണ്ടി ഗുഡാകേഷ് മോട്ടി രണ്ടും അകീൽ ഹൊസൈൻ, റോസ്റ്റൺ ചേസ്, അൽസാരി ജോസഫ്, ഒബെദ് മക്കോയ് എന്നിവർ ഓരോ വിക്കറ്റ് വീതവും വീഴ്ത്തി.

# ഉമർ ഖാലിദിന് ആശ്വാസം; ഡൽഹി കലാപ കേസിൽ ഇടക്കാല ജാമ്യം

ന്യൂഡൽഹി: കലാപ ഗൂഢാലോചനക്കേസിൽ അറസ്റ്റിലായ ഉമർ ഖാലിദിന് ഇടക്കാല ജാമ്യം. ബന്ധുവിൻറെ വിവാഹത്തിൽ പങ്കെടുക്കാൻ ഏഴു ദിവസത്തെ ജാമ്യമാണ് ഡൽഹി ഹൈക്കോടതി അനുവദിച്ചത്.

ജെഎൻയു ഗവേഷക വിദ്യാർഥിയായിരുന്ന ഉമർ ഖാലിദിനെ യുഎപിഎ ചുമത്തി 2020 ലാണ് അറസ്റ്റ് ചെയ്തത്. പൗരത്വ ഭേദഗതി നിയമത്തിനെതിരെ നടന്ന സമരത്തിന് നേതൃത്വം നൽകിയതിന് പിന്നാലെ ഉമർ ഖാലിദിനെതിരെ കലാപ ഗൂഢാലോചനയ്ക്ക് കേസെടുത്തിരുന്നു.

കലാപവുമായി ബന്ധപ്പെട്ട് കുറ്റാരോപിതനായ മുൻ ആം ആദ്മി പാർട്ടി കൗൺസിലർ താഹിർ ഹുസൈനുമായി ഉമറിന് ബന്ധമുണ്ടെന്ന് പോലീസ് പറയുന്നത്.

കലാപം നടക്കുന്നതിന് ഒരു മാസം മുൻപ് ഇവർ രണ്ട് പേരും ഷഹീൻ ബാഗിലെ സിഎഎ വിരുദ്ധ പ്രക്ഷോഭത്തിന് പിന്നിൽ പ്രവർത്തിച്ച യുണൈറ്റ് എഗെൻസ്റ്റ് ഹെയ്റ്റ് സ്ഥാപകനായ ഖാലിദ് സൈഫിയുമായി കൂടിക്കാഴ്ച നടത്തിയെന്നും പോലീസ് പറയുന്നു.

2022 മാർച്ചിൽ സ്ഥിരം ജാമ്യം തേടി ഉമർ ഖാലിദ് നൽകിയ ഹർജി വിചാരണ കോടതി തള്ളിയിരുന്നു. തുടർന്ന് മേയ് 28ന് രണ്ടാമത്തെ ജാമ്യാപേക്ഷയും തള്ളി. പിന്നീട് ഹൈക്കോടതിയെ സമീപിക്കുകയായിരുന്നു.

## മന്ത്രിമാറ്റം ദേശീയ നേതൃത്വം തീരുമാനിക്കും: തോമസ് കെ. തോമസ്

കൊച്ചി: എൻസിപി ദേശീയ അധ്യക്ഷൻ ശരത് പവാർ ക്ഷണിച്ചതനുസരിച്ചാണ് ഡൽഹിയിലെത്തി അദ്ദേഹത്തെ കണ്ടതെന്ന് തോമസ് കെ. തോമസ് എംഎൽഎ. സംസ്ഥാന സമിതി യോഗത്തിന് ശേഷം നേരിൽ കാണാൻ ശരത് പവാർ നിർദേശിക്കുകയായിരുന്നു. മന്ത്രി മാറ്റം സംബന്ധിച്ച തീരുമാനങ്ങൾ കേന്ദ്ര നേതൃത്വം സ്വീകരിക്കും. ഇതുസംബന്ധിച്ച് ഇവിടെ ചർച്ചകൾ നടത്തിയിട്ടുണ്ട്. തൻറെ ചില ആവശ്യങ്ങൾക്കടക്കം മുഖ്യമന്ത്രിയെ കാണുന്നുണ്ട്. മന്ത്രി മാറ്റം സംബന്ധിച്ച് അനാവശ്യ ചർച്ചകളിലേക്ക് കടക്കേണ്ടതില്ലെന്ന നിർദേശം കേന്ദ്ര നേതൃത്വം നൽകിയിട്ടുണ്ട്.

# യുവതിയെ പീഡിപ്പിക്കാൻ ശ്രമം; വയോധികൻെറ ജാമ്യാപേക്ഷ കോടതി തള്ളി

തൃശൂർ: യുവതിയെ പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ പ്രതിയുടെ ജാമ്യാപേക്ഷ കോടതി തള്ളി. കേസിൽ പ്രതിയായ നെൻമണിക്കര ചിറ്റിലശേരി പട്ടത്തുപറമ്പിൽ മോഹൻറെ (70) ജാമ്യാപേക്ഷയാണ് തൃശൂർ നാലാം അഡീഷണൽ ജില്ലാ സെഷൻസ് കോടതി തള്ളിയത്.

2021 നവംബറിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. യുവതി താമസിക്കുന്ന വീട്ടിലേക്ക് അതിക്രമിച്ചു കയറിയ പ്രതി യുവതിയെയും കുഞ്ഞിനെയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും തള്ളിയിട്ട് വസ്ത്രങ്ങൾ വലിച്ചുകീറുകയുമായിരുന്നു.

തടയാൻ ശ്രമിച്ച യുവതിയുടെ കഴുത്തിൽ ഞെക്കി കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. പ്രതി മുൻപ് പലപ്പോഴും യുവതിയെ ശല്യപ്പെടുത്തിയിരുന്നു. കൊല്ലുമെന്ന ഭീഷണി ഭയന്നും മറ്റുള്ളവരറിഞ്ഞാലുള്ള നാണക്കേടോർത്തും സംഭവത്തെക്കുറിച്ച് യുവതി പുറത്തു പറഞ്ഞിരുന്നില്ല.

എന്നാൽ തുടർന്നും ശല്യം സഹിക്കവയ്യാതായപ്പോഴാണ് യുവതി പോലീസിൽ പരാതി നൽകിയത്. തുടർന്ന് പുതുക്കാട് പോലീസ് കേസെടുത്ത് അന്വേഷണമാരംഭിക്കുകയായിരുന്നു.

കേസിൻറെ അന്വേഷണം പൂർത്തിയായിട്ടില്ലെന്നും കേസിലെ സാക്ഷികളെ സ്വാധീനിക്കാൻ പ്രതി ശ്രമിക്കാനിടയുണ്ടെന്നും ആയതിനാൽ മകളുടെ പ്രായമുള്ള യുവതിയോട് മോശമായി പെരുമാറിയ പ്രതി യാതൊരു കാരണവശാലും ജാമ്യമർഹിക്കുന്നില്ലെന്നും അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ സോളി ജോസഫ് വാദിച്ചു.

പ്രതിക്കുവേണ്ടി ഹാജരായ അഡ്വ. ബി.എ. ആളൂരിൻറെ വാദങ്ങൾ തള്ളിയാണ് പ്രോസിക്യൂഷനുവേണ്ടി ഹാജരായ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ സോളി ജോസഫിൻറെ വാദങ്ങൾ പരിഗണിച്ച് കോടതി ജാമ്യാപേക്ഷ തള്ളി ഉത്തരവായത്.

# ബാങ്കിൻെറ ഇടപെടൽ; ചങ്ങനാശേരിയിൽ വെർച്വൽ അറസ്റ്റ് തട്ടിപ്പിൽനിന്ന് ഡോക്ടറെ രക്ഷിച്ച് പോലീസ്

കോട്ടയം: ചങ്ങനാശേരിയിൽ വെർചൽ അറസ്റ്റ് തട്ടിപ്പിൽനിന്ന് ഡോക്ടറെ രക്ഷിച്ച് പോലീസ്. അറസ്റ്റ് ഭയന്ന് 5.25 ലക്ഷം രൂപയാണ് ഡോക്ടർ തട്ടിപ്പ് സംഘത്തിന് കൈമാറിയത്. ഇതിൽ നാലര ലക്ഷം രൂപ പോലീസ് വീണ്ടെടുത്തു.

സംശയകരമായ പണമിടപാട് ശ്രദ്ധയിൽപ്പെട്ടതോടെ ബാങ്ക് അധികൃതർ പോലീസിനെ വിവരം അറിയിക്കുകയായിരുന്നു. ചൊവ്വാഴ്ച വൈകുന്നേരമാണ് സംഭവം.

മുംബൈ പോലീസ് ആണെന്ന് പറഞ്ഞ് ഡോക്ടറെ വിളിച്ച തട്ടിപ്പ് സംഘം ഇദ്ദേഹത്തിന് വന്ന കൊറിയറിൽ രാസവസ്തുക്കൾ ഉണ്ടായിരുന്നുവെന്നും അറസ്റ്റ് രേഖപ്പെടുത്തിയതായും അറിയിച്ചു. ജാമ്യത്തിൽ ഇറങ്ങണമെങ്കിൽ 30 ലക്ഷം രൂപ കൈമാറണമെന്നും ആവശ്യപ്പെട്ടു.

ഇതോടെ ഭയന്നുപോയ ഡോക്ടർ ആദ്യഘട്ടമായി ആവശ്യപ്പെട്ട 5.25 ലക്ഷം രൂപ കൈമാറുകയായിരുന്നു. എന്നാൽ സംശയകരമായ ഇടപാട് കണ്ട് സംശയം തോന്നിയ ബാങ്ക് അധികൃതർ പോലീസിനെ വിവരം അറിയിച്ചു.

ഓൺലൈൻ തട്ടിപ്പുകൾ തടയാൻ എസ്ബിഐ പ്രത്യേക മോണിറ്ററിങ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന സംവിധാനത്തിലെ ഉദ്യോഗസ്ഥർക്കാണ് സംശയകരമായ ഇടപാട് ആണ് എന്ന സംശയം തോന്നിയത്. ഇവർ ഉടനെ ചങ്ങനാശേരി ബാങ്ക് മാനേജറെ വിവരം അറിയിച്ചു.

ബാങ്ക് മാനേജർ തിരുവനന്തപുരത്തുള്ള സൈബർ സെല്ലിന് വിവരം കൈമാറി. ഇവർ വിവരം ചങ്ങനാശേരി പൊലീസിനെ അറിയിച്ചു.

ചങ്ങനാശേരി പോലീസ് ഡോക്ടറുടെ വീട്ടിൽ എത്തി കോളിംഗ് ബെൽ അടിച്ചെങ്കിലും വാതിൽ തുറക്കാൻ ഡോക്ടർ തയാറായില്ല. തുടർന്ന് വാതിൽ തല്ലിപൊളിച്ചാണ് പോലീസ് സംഘം അകത്തുകടന്നത്.




പട്ടികജാതി വികസന വകുപ്പിന്റെ ഐടിഐകളിൽ നിന്ന് വിവിധ ട്രേഡുകൾ പാസായി യുഎഇയിൽ തൊഴിൽ ലഭിച്ചവർക്ക് മന്ത്രി ഒ ആർ കേളു വിസ കൈമാറുന്നു.






അർബൺ കമ്മിഷൻ യോഗത്തിൽ മന്ത്രിമാരായ പി രാജീവ്, കെ രാജൻ, കെ എൻ ബാലഗോപാൽ, എം ബി രാജേഷ് എന്നിവർ

# ഒരു രാജ്യംഒരു തെരഞ്ഞെടുപ്പ് നടപ്പാക്കേണ്ടിവന്നതിനു കാരണം കോൺഗ്രസെന്ന് ജെ.പി. നദ്ദ

ന്യൂഡൽഹി ഒരു രാജ്യംഒരു തെരഞ്ഞെടുപ്പ് നടപ്പാക്കേണ്ടിവന്നതിനു കാരണം കോൺഗ്രസെന്ന് ബിജെപി ദേശീയഅദ്യക്ഷൻ ജെ.പി. നദ്ദ. കോൺഗ്രസാണ് ഭരണഘടന തിരുത്താനും ആത്മാവ് നഷ്ടപ്പെടുത്താനും ശ്രമിച്ചത്. ഭരണഘടനയെ ശക്തമാക്കുന്ന എല്ലാ നടപടികളും ബിജെപി സ്വീകരിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

മുതൽ 1967 വരെ രാജ്യത്ത് ഒരു തെരഞ്ഞെടുപ്പായിരുന്നു. ആർട്ടിക്കിൾ 356 കൊണ്ടുവന്ന് കോൺഗ്രസാണ് വിവിധ സംസ്ഥാനങ്ങളിലെ സർക്കാറുകളെ വീഴ്ത്തിയത്. നെഹ്റു എട്ടു തവണയും ഇന്ദിര ഗാന്ധി 50 തവണയും രാജീവ് ഗാന്ധി ഒമ്പത് തവണയും മൻമോഹൻ സിംഗ് 10 തവണയും ഈ നിയമം ഉപയോഗിച്ചു. ഇ താണ് രാജ്യത്ത് ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് നടപ്പാക്കേണ്ട സാഹചര്യം വരുത്തിയതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

രാജ്യം ഭരിച്ച പ്രധാന മന്ത്രിമാരും ഉപപ്രധാനമന്ത്രിമാരുമായ മൂന്ന് പേർ പടിഞ്ഞാറൻ പാക്കിസ്ഥാനിൽ ജനിച്ചവരാണ്. എന്നാൽ പാകിസ്ഥാൻ കയ്യേറിയ കാഷ്മീരിലെ ജനങ്ങൾക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽപോലും മത്സരിക്കാനോ നിയമസഭാ അംഗത്വമോ കിട്ടിയിരുന്നില്ല. ആർട്ടിക്കിൾ 370-ആണ് ഇതിന് കാരണം. ഈ പ്രത്യേക പദവി തിരിച്ചു നൽകണമെന്നാണ് പ്രതിപക്ഷം ആവശ്യപ്പെടുന്നതെന്നും നദ്ദ വ്യക്തമാക്കി.

# അംബേദ്കറെ അപമാനിച്ചു; അമിത് ഷായ്ക്കെതിരേ പാർലമെൻറ് വളപ്പിൽ പ്രതിപക്ഷ പ്രതിഷേധം

ന്യൂഡൽഹി: ആഭ്യന്തരമന്ത്രി അമിത് ഷാ ബി.ആർ.അംബേദ്കറെ അപമാനിച്ചെന്ന് ആരോപിച്ച് പാർലമെൻറ് വളപ്പിൽ പ്രതിഷേധവുമായി പ്രതിപക്ഷം. അംബേദ്കർ ചിത്രങ്ങൾ ഉയർത്തിപിടിച്ചുകൊണ്ടാണ് പ്രതിഷേധം.

കോൺഗ്രസിൻറെ നേതൃത്വത്തിൽ നടക്കുന്ന പ്രതിഷേധത്തിൽ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, വയനാട് എംപി പ്രിയങ്കാ ഗാന്ധി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

അമിത് ഷായ്ക്കെതിരായ പ്രതിഷേധത്തിൽ ലോക്സഭ ഉച്ചയ്ക്ക് രണ്ട് വരെ നിർത്തിവച്ചിരിക്കുകയാണ്.'ഇന്ത്യൻ ഭരണഘടനയുടെ 75 വർഷത്തെ മഹത്തായ യാത്ര' എന്ന ചർച്ചക്ക് പാർലമെൻറിൽ മറുപടി നൽകുന്നതിനിടെയാണ് അമിത് ഷായുടെ പരാമർശം. അംബേദ്കറുടെ പേര് പറയുന്നത് കോൺഗ്രസിനിപ്പോൾ ഫാഷനായിട്ടുണ്ട്. ഇത്രയും തവണ ദൈവനാമം ചൊല്ലിയിരുന്നെങ്കിൽ അവർക്ക് സ്വർഗത്തിൽ പോകാമായിരുന്നെന്ന് അമിത് ഷാ പറഞ്ഞിരുന്നു.

# മാസപ്പടിക്കേസ്; രാഷ്ട്രീയ നേതാവിന് കൈക്കൂലി കിട്ടിയോയെന്ന് പരിശോധിക്കും: എസ്എഫ്ഐഒ

ന്യൂഡൽഹി: മുഖ്യമന്ത്രിയുടെ മകൾ വീണാ വിജയൻറെ എക്സാലോജിക് കമ്പനിയുമായി ബന്ധപ്പെട്ട മാസപ്പടിക്കേസിൽ നിർണായക വെളിപ്പെടുത്തലുമായി എസ്എഫ്ഐഒ. എക്സാലോജിക് - സിഎംആർഎൽ ദുരൂഹ ഇടപാടിൽ അന്വേഷണം പൂർത്തിയായെന്നും എസ്എഫ്ഐഒ ഡൽഹി ഹൈക്കോടതിയ അറിയിച്ചു.

എസ്എഫ്ഐഒ അന്വേഷണം തടയണമെന്ന് ആവശ്യപ്പെട്ടുള്ള സിഎംആർഎല്ലിൻറെ ഹർജിയിലാണ് അന്വേഷണ ഏജൻസി കോടതിയിൽ ഇക്കാര്യം വ്യക്തമാക്കിയത്. ഭീകരപ്രവർത്തനങ്ങളെ അനുകൂലിക്കുന്നവർക്കും സിഎംആർഎൽ പണം നൽകിയോയെന്ന് സംശയമുണ്ട്.

രാഷ്ട്രീയ നേതാവിന് കൈക്കൂലി കിട്ടിയോ തുടങ്ങിയ കാര്യങ്ങൾ അന്വേഷിക്കുന്നുണ്ടെന്നും എസ്എഫ്ഐഒ വ്യക്തമാക്കി. കേസിൽ വാദം ഈ മാസം 23 ന് വീണ്ടും തുടരും.

കാലിതീറ്റ കുംഭകോണ കേസിലെ പോലെയാണ് വ്യാജ ബില്ലുകളുടെ അടിസ്ഥാനത്തിൽ പണം നൽകിയതെന്നും എസ്എഫ്ഐഒ ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാംഗ്മൂലത്തിൽ പറയുന്നു.

# അധ്യാപകരുടെ ശുചിമുറിയിൽ ഒളികാമറ; സ്കൂൾ ഡയറക്ടർ അറസ്റ്റിൽ

ലക്നോ: ഉത്തർപ്രദേശിലെ നോയിഡയിൽ അധ്യാപകരുടെ ശുചിമുറിയിൽ ഒളികാമറ സ്ഥാപിച്ച സ്കൂൾ ഡയറക്ടർ അറസ്റ്റിൽ. നോയിഡയിലെ സെക്ടർ 70 ലെ ലേൺ വിത്ത് ഫൺ എന്ന പ്ലേ സ്കൂളിലാണ് സംഭവം. ശുചിമുറിയിലെ ബൾബ് സോക്കറ്റിലാണ് ഇയാൾ കാമറ സ്ഥാപിച്ചത്.

ആളുകൾ വാഷ്റൂമിൽ പ്രവേശിക്കുന്നതിൻറെ തത്സമയ ദൃശ്യങ്ങൾ തൻറെ കമ്പ്യൂട്ടറിലൂടെയും മൊബൈൽ ഫോണിലൂടെയും ഇയാൾ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. കാമറ കണ്ട ഒരു അധ്യാപികയാണ് സംഭവം പോലീസിൽ അറിയിച്ചത്.

ഡിസംബർ 10ന്, ഒരു അധ്യാപിക വാഷ്റൂമിലെ ബൾബ് ഹോൾഡറിൽ അസാധാരണമായ വസ്തു ശ്രദ്ധിച്ചു. തുടർന്ന് നടത്തിയ പരിശോധനയിൽ അത് ഒളി കാമറയാണെന്ന് അധ്യാപിക മനസിലാക്കി. ഇവർ ഉടൻതന്നെ സ്കൂളിലെ സെക്യൂരിറ്റിയെ വിളിച്ചുവരുത്തുകയും കാമറ പുറത്തെടുക്കുകയും ചെയ്തു.

തുടർന്ന് അധ്യാപിക ഇക്കാര്യം സ്കൂൾ ഡയറക്ടർ നവനീഷ് സഹായിനും സ്കൂൾ കോ-ഓർഡിനേറ്റർ പരുളിനും അറിയിച്ചു. എന്നാൽ, അവർ സംഭവം നിഷേധിച്ചു. അധ്യാപിക നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നോയിഡ സെൻട്രൽ ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ഡിസിപി) ശക്തി മോഹൻ അവസ്തി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

അന്വേഷണത്തിൽ കാമറ പ്രവർത്തനക്ഷമമാണെന്നും ദൃശ്യങ്ങൾ റിക്കാർഡ് ചെയ്യാതെ തത്സമയം സംപ്രേക്ഷണം ചെയ്യാൻ സാധിക്കുന്നതാണെന്നും സ്ഥിരീകരിച്ചു. തുടർന്ന് ഡയറക്ടർ നവനീഷ് സഹായിനെ പോലീസ് അറസ്റ്റ് ചെയ്തു.

ചോദ്യം ചെയ്യലിൽ കാമറ ഓൺലൈനിൽ നിന്നും 22,000 രൂപയ്ക്ക് വാങ്ങിയതാണെന്ന് ഇയാൾ പോലീസിന് മൊഴി നൽകി.

അതേസമയം, ഇതൊരു ഒറ്റപ്പെട്ട സംഭവമല്ലെന്ന് അധ്യാപിക ആരോപിച്ചു. നേരത്തെയും സ്കൂളിലെ ടോയ്‌ലറ്റിൽ നിന്നും ഒളികാമറ കണ്ടെത്തിയിരുന്നുവെന്ന് അവർ അവകാശപ്പെട്ടു. ഈ കാമറ സ്കൂൾ കോ-ഓർഡിനേറ്റർ പരുളിന് കൈമാറി. എന്നാൽ, അന്ന് ഒരു നടപടിയും ഉണ്ടായില്ലെന്നും അവർ ആരോപിച്ചു.

കാമറ സ്ഥാപിച്ചത് ഡയറക്ടർ തന്നെയാണെന്ന് സ്കൂളിലെ സുരക്ഷാ ജീവനക്കാരൻ വിനോദ് വെളിപ്പെടുത്തിയതായി അധ്യാപിക പറയുന്നു. ഉപകരണം സ്ഥാപിക്കുന്നതിൽ സുരക്ഷാ ജീവനക്കാരന് എന്തെങ്കിലും പങ്കുണ്ടോയെന്ന് പോലീസ് ഇപ്പോൾ പരിശോധിക്കുന്നുണ്ട്.

# സി.ഡി.എസുകളെ മികവിൻെറ കേന്ദ്രങ്ങളാക്കാൻ 'റൈസ്' സംസ്ഥാനതല ക്യാമ്പയിനുമായി കുടുംബശ്രീ ക്യാമ്പയിന് ജനുവരിയിൽ തുടക്കം

തിരുവനന്തപുരം: കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന 'റൈസ്' -റീവിറ്റലൈസിങ്ങ് ഇൻസ്റ്റിറ്റ്യൂഷൻ ആൻഡ് സ്ട്രെങ്ങ്തനിങ്ങ് എക്സലൻസ് -സംസ്ഥാനതല ക്യാമ്പയിന് ജനുവരിയിൽ തുടക്കം. കുടുംബശ്രീയുടെ കീഴിലുള്ള 1070 സി.ഡി.എസുകളുടെയും പ്രവർത്തനക്ഷമതയും സുതാര്യതയും മെച്ചപ്പെടുത്തിക്കൊണ്ട് ത്രിതല സംഘടനാ സംവിധാനത്തെ ഒന്നാകെ ശക്തിപ്പെടുത്തുകയാണ് ലക്ഷ്യം.

'എൻറെ സി.ഡി.എസ്' എന്ന പേരിൽ സി.ഡി.എസുകളുടെ പ്രവർത്തന മികവ് വർധിപ്പിക്കുന്നതിനായി ചുമതല നൽകിയിട്ടുള്ള ജീവനക്കാർക്കും മിഷൻ ഉദ്യോഗസ്ഥർക്കുമാണ് ഇതിൻറെ ചുമതല. ഇവരുടെ നേതൃത്വത്തിൽ ഓരോ സി.ഡി.എസിലും പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പും പുരോഗതിയും അനുബന്ധ വിഷയങ്ങളും ഉൾപ്പെടെ കൃത്യമായി വിലയിരുത്തും. ക്യാമ്പയിനുമായി ബന്ധപ്പെട്ട് ബ്ളോക്ക് കോർഡിനേറ്റർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, ജില്ലാമിഷൻ കോർഡിനേറ്റർമാർ, അസിസ്റ്റൻറ് കോർഡിനേറ്റർമാർ, പ്രോഗ്രാം ഓഫീസർമാർ എന്നിവർക്കുള്ള മാർഗനിർദേശം പുറപ്പെടുവിച്ചു. ക്യാമ്പയിൻറെ ഭാഗമായി ഒരു ബ്ളോക്കിന് കീഴിലുള്ള വിവിധ സി.ഡി.എസുകൾ നാല് ബ്ളോക്ക് കോർഡിനേറ്റർമാർക്കായി വീതിച്ചു നൽകും. മൂന്നു മാസമാണ് കാലാവധി. ഈ കാലയളവിൽ ഓരോ മാസവും ഏഴാം തീയതിക്ക് മുമ്പായി സി.ഡി.എസുകളുടെ പ്രവർത്തനങ്ങളും പുരോഗതിയും വിലയിരുത്തണം. കുടുംബശ്രീ ബൈലാ പ്രകാരം നിഷ്ക്കർഷിച്ചിട്ടുള്ള രജിസ്റ്ററുകളുടെ സൂക്ഷിപ്പും കൃത്യതയും, വായ്പകൾ, തിരിച്ചടവ്, ജില്ലാ മിഷനിൽ നിന്നു ലഭ്യമാകുന്ന വിവിധ ഫണ്ടുകളുടെ വിനിയോഗം, സോഫ്റ്റ് വെയർ എൻട്രി, വിവിധ യോഗങ്ങൾ ചേരുന്നതിൻറെ മിനുട്ട്സ് എന്നിവയാണ് സി.ഡി.എസ് സന്ദർശിച്ച് പരിശോധിക്കുക. തുടർന്ന് നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ റിപ്പോർട്ട് ജില്ലാ മിഷൻ കോർഡിനേറ്റർക്കും പകർപ്പ് സി.ഡി.എസ് അധ്യക്ഷയ്ക്കും നൽകും. ഈ റിപ്പോർട്ട് തൊട്ടടുത്ത സി.ഡി.എസ് യോഗത്തിൽ പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്ത് അപാകതകൾ പരിഹരിക്കാനാണ് നിർദേശം. മൂന്നു മാസത്തിന് ശേഷം ബ്ളോക്ക് കോർഡിനേറ്റർമാർക്ക് സി.ഡി.എസിൻറെ ചുമതല മാറ്റി നൽകും. എല്ലാ സി.ഡി.എസിലും പൊതു മാതൃകയിൽ പരിശോധനാ രജിസ്റ്ററും സൂക്ഷിക്കും.

സി.ഡി.എസുകളുടെ പ്രവർത്തനം സംബന്ധിച്ച് ബ്ളോക്ക് കോർഡിനേറ്റർ നൽകുന്ന റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ജില്ലാമിഷനുകൾ സി.ഡി.എസുകളെ എ.ബി.സി.ഡി എന്നിങ്ങനെ തരം തിരിക്കും. തുടർന്ന് ജില്ലാ പ്രോഗ്രാം മാനേജർമാർ, അസിസ്റ്റൻറ് കോർഡിനേറ്റർമാർ, ജില്ലാ മിഷൻ കോർഡിനേറ്റർമാർ, പ്രോഗ്രാം ഓഫീസർമാർ എന്നിവരും റിപ്പോർട്ട് പരിശോധിക്കും. സി.ഡി.എസുകളും സന്ദർശിക്കും. ജില്ലാ പദ്ധതി അവലോകന യോഗങ്ങളിലും സി.ഡി.എസുകളുടെ ക്രോഡീകരിച്ച റിപ്പോർട്ട് പ്രധാന അജണ്ടയായി ഉൾപ്പെടുത്തുന്നുണ്ട്. താഴ്ന്ന ഗ്രേഡുകൾ ലഭിച്ച സി.ഡി.എസുകളുടെ നിലവിലെ അപാകതകൾ പരിഹരിച്ച് എല്ലാ സി.ഡി.എസുകളെയും മികവിലേക്കുയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ജില്ലാ മിഷൻറെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ച് നടപ്പാക്കും. സംസ്ഥാന മിഷനായിരിക്കും എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം വഹിക്കുക.

# ചികിത്സാ ചെലവ് പകുതിയോളം കുറയ്ക്കാനായി: മന്ത്രി വീണാ ജോർജ്

രോഗത്തിന്റെ മുമ്പിൽ ഒരാളും നിസഹായരാകാൻ പാടില്ലെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പരമാവധി പേർക്ക് സൗജന്യ ചികിത്സ നൽകുകയാണ് ലക്ഷ്യം. ആരോഗ്യ മേഖലയിൽ സർക്കാർ നടത്തിയ ഇടപെടലുകൾക്ക് ഫലമുണ്ടായി. നാഷണൽ സ്റ്റാറ്റിറ്റിക്സ് സർവേ പ്രകാരം പത്ത് വർഷം മുമ്പ് സംസ്ഥാനത്തെ ആരോഗ്യത്തിലെ ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചറിനേക്കാൾ ചികിത്സാ ചെലവ് പകുതിയായി കുറഞ്ഞിട്ടുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമായതിനാലാണ് ഈ നേട്ടം കൈവരിക്കാനായത്. ഒരു വർഷം 1600 കോടിയിലധികം രൂപയാണ് സൗജന്യ ചികിത്സയ്ക്ക് മാത്രം സർക്കാർ ചെലവഴിക്കുന്നത്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വരുന്നതിന് മുമ്പ് 30,000 രൂപ മാത്രമാണ് സൗജന്യ ചികിത്സയ്ക്കായി നൽകിയിരുന്നത്. ഈ സർക്കാരിന്റെ തുടക്കത്തിൽ രണ്ടര ലക്ഷം ക്ലെയിമുകളാണ് സൗജന്യ ചികിത്സയ്ക്ക് ഉണ്ടായിരുന്നത്. ഇപ്പോഴത് ആറേമുക്കാൽ ലക്ഷം കഴിഞ്ഞു. അതായത് 30,000 രൂപയിൽ നിന്നും 5 ലക്ഷം രൂപ ഒരു കുടുംബത്തിന്റെ ഓരോ അംഗത്തിനും ചികിത്സാ ആനുകൂല്യം ലഭ്യമാക്കുന്നു. സൗജന്യ ചികിത്സയിൽ കേരളം ശക്തമായ നിലപാടും പ്രവർത്തനങ്ങളും നടത്തിയതിന്റെ ഫലമാണിതെന്നും മന്ത്രി പറഞ്ഞു. പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ആശുപത്രികൾ ആശ്വാസത്തിന്റെ ഇടമാകണം. രോഗികൾക്ക് ഗുണമേന്മയുള്ള ചികിത്സ ഉറപ്പാക്കണം. ഒരാൾക്ക് ശാരീരികമായി രോഗം വരുമ്പോൾ മാനസികമായും വൈകാരികമായും സാമ്പത്തികമായും ബുദ്ധിമുട്ട് നേരിടും. അതുൾക്കൊണ്ട് അവരുടെ ചികിത്സ ഉറപ്പാക്കണം. അനാവശ്യമായി രോഗികളെ മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്യരുത്. ചികിത്സാ സംവിധാനങ്ങളുള്ള താലൂക്ക്, ജില്ലാതല ആശുപത്രികളിൽ തന്നെ രോഗികളെ ചികിത്സിക്കണം. മെഡിക്കൽ കോളേജുകളുടെ ഭാരം കൂട്ടാതിരിക്കാനാണ് മറ്റ് ആശുപത്രികളെ ശാക്തീകരിക്കുന്നത്. ഓരോ ആശുപത്രികളുടേയും റഫറൽ ലിസ്റ്റ് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. പേരൂർക്കട ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് 227 കിടക്കകളാണ് സജ്ജമാക്കിയിരിക്കുന്നത്. അതേസമയം ഇന്നലത്തെ നൈറ്റ് സെൻസസ് അനുസരിച്ച് കിടത്തി ചികിത്സയിലുള്ള രോഗികളുടെ എണ്ണം 77 ആണ്. അതേ സമയം മെഡിക്കൽ കോളേജുകളിൽ രോഗികളുടെ ബാഹുല്യമാണ്. ഇത് ഉദാഹരണമായെടുത്ത് അതാത് ആശുപത്രികളിൽ നിന്ന് നൽകാവുന്ന ചികിത്സകൾ അവിടെ തന്നെ ലഭ്യമാക്കണം.

സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ എട്ടര വർഷം കൊണ്ട് ചരിത്രത്തിലെ ഏറ്റവും അധികം വികസന പ്രവർത്തനങ്ങൾ നടന്ന കാലഘട്ടമാണ്. തിരുവനന്തപുരം ജില്ലയിൽ മെഡിക്കൽ കോളേജും ആർസിസിയും ഉൾപ്പെടെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം നോക്കിയാൽ ചരിത്രത്തിലെ ഏറ്റവും വലിയ പ്രവർത്തനങ്ങൾ നടക്കുന്ന കാലഘട്ടമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരേ സമയം രണ്ട് ബ്ലോക്കുകളുടെ നിർമ്മാണമാണ് നടക്കുന്നത്. 100 കോടി രൂപ ചെലവഴിച്ചുള്ള എംഎൽടി ബ്ലോക്ക് 80 ശതമാനം പൂർത്തിയായി. സർജിക്കൽ ബ്ലോക്ക് നടപടികൾ പൂർത്തിയായി നിർമ്മാണം ആരംഭിക്കുകയാണ്. ആർസിസിയിൽ 200 കോടിയോളം രൂപ ചെലവഴിച്ചുള്ള കെട്ടിടം 2025 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനത്തിന് സജ്ജമാകുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗം രാജ്യത്തെ 5 ആശുപത്രികളുടെ പട്ടികയിൽ ഇടം പിടിച്ച് സെന്റർ ഓഫ് എക്സലൻസായിട്ടുണ്ട്. എല്ലാ ആശുപത്രികളിലും കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. പേരൂർക്കട ആശുപത്രിയിൽ സജ്ജമാക്കിയതിൽ 8.30 കോടി രൂപ പ്ലാൻ ഫണ്ടാണ്. ഈ കെട്ടിടം നിർമ്മാണം പൂർത്തിയാക്കാൻ 36 കോടി അനുവദിക്കും.

ആർദ്രം മിഷന്റെ ഭാഗമായി ആശുപത്രികളിൽ 10 കാര്യങ്ങളാണ് ലക്ഷ്യം വച്ചിരിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് ബോർഡ് മാറ്റിവയ്ക്കലല്ല. ആ തദ്ദേശ സ്ഥാപന പരിധിയിലെ മുഴുവൻ കുടുംബങ്ങൾക്കും ആശ്രയിക്കാവുന്ന ഒരിടമാണത്. അവിടെ ലാബ് സംവിധാനമുൾപ്പെടെ പ്രാഥമിക പരിശോധനാ സംവിധാനങ്ങളുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിൽ നിർണയ ലാബ് നെറ്റുവർക്ക് സംവിധാനം യാഥാർത്ഥ്യമാകുകയാണ്. ഇത് രാജ്യത്ത് തന്നെ ആദ്യമായാണ് നടപ്പിലാക്കുന്നത്. താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങളും ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെയാണ് മെഡിക്കൽ കോളേജുകളിൽ വിപുലമായ സംവിധാനങ്ങൾ സജ്ജമാക്കിയിരിക്കുന്നത്. ആശുപത്രികളിലെ കൂടുതൽ വികസനം ജനകീയ പങ്കാളത്തത്തോടെ മുന്നോട്ട് പോകാനാകണമെന്നും മന്ത്രി വ്യക്തമാക്കി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

29 iffk

# ചിത്രപ്പകിട്ടുമായി മേളയുടെ ഏഴാം ദിനം; ഭ്രമയുഗം, ഫയർ, അവെർനോ എന്നിവയുടെ പ്രദർശനം ഇന്ന്

29-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ ഇന്ന്(19 ഡിസംബർ) ചലച്ചിത്രാസ്വാദകർക്കു വൈവിധ്യമാർന്ന ചിത്രങ്ങളുടെ ദൃശ്യവിരുന്ന്. രാഹുൽ സദാശിവന്റെ 'ഭ്രമയുഗം', ദീപ മേഹ്തയുടെ 'ഫയർ', മാർക്കോസ് ലോയ്സയുടെ 'അവെർനോ', അക്കിനേനി കുടുമ്പ റാവുവിന്റെ 'ഒക്ക മാഞ്ചി പ്രേമ കഥ' എന്നിവയുടെ മേളയിലെ ഏക പ്രദർശനം ഇന്നു നടക്കും.

അഭിനയജീവിതത്തിൽ അരനൂറ്റാണ്ട് പിന്നിടുന്ന ഷബാന ആസ്മിയോടുള്ള ആദരസൂചകമായി ഒരുക്കിയ 'സെലിബ്രേറ്റിംഗ് ഷബാന' വിഭാഗത്തിൽ പ്രദർശനത്തിനെത്തുന്ന ചിത്രമാണ് 'ഫയർ'. 1996ൽ ഷിക്കാഗോ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ ഷബാനയെ മികച്ച നടിക്കുള്ള സിൽവർ ഹ്യൂഗോ അവാർഡിനർഹയാക്കിയ ചിത്രം കൂടിയാണിത്. ഭർത്താക്കന്മാരിൽ നിന്ന് അവഗണന നേരിടുന്ന രണ്ട് സ്ത്രീകളുടെ കഥയാണ് 'ഫയർ'. ബ്ലാക്ക് ആൻഡ് വൈറ്റിൽ ചിത്രീകരിച്ച, മെൽബൺ ഇന്ത്യൻ ചലച്ചിത്രമേളയിൽ പ്രേക്ഷക പിന്തുണ നേടിയ തേവന്റെ തേരോട്ടമാകും നിശാഗന്ധിയിൽ മിഡ്നൈറ്റ് സ്ക്രീനിംഗിൽ പ്രദർശനത്തിനെത്തുന്ന 'ഭ്രമയുഗം' സമ്മാനിക്കുക.

കൺട്രി ഫോക്കസ് വിഭാഗത്തിലെത്തിയ അർമേനിയൻ ചിത്രങ്ങൾ ഐ.എ.ഫ്.എഫ്.കെയിലൂടെ ലോകശ്രദ്ധ ആകർഷിക്കുകയാണ്. നൂറ് വർഷം പൂർത്തിയാക്കുന്ന അർമേനിയൻ സിനിമയ്ക്കു പറയാനുള്ളത് ചരിത്രത്തിന്റെയും സ്വത്വാന്വേഷണത്തിന്റെയും ചെറുത്തുനില്പിന്റെയും കഥകളാണ്. 'ലോസ്റ്റ് ഇൻ അർമേനിയ','പരാജനോവ് സ്കാൻഡൽ', 'അമേരികേറ്റ്സി' എന്നീ മൂന്ന് ചിത്രങ്ങളാണ് ഈ വിഭാഗത്തിൽ ഏഴാം ദിനം പ്രദർശനത്തിനുള്ളത്. കഴിഞ്ഞ ദിനങ്ങളിൽ പ്രേക്ഷക ശ്രദ്ധ നേടി മുന്നേറുന്ന സിനിമകളായ 'മെമ്മറീസ് ഓഫ് എ ബേണിങ് ബോഡി', 'റിഥം ഓഫ് ദമാം', 'പാത്ത്','ക്വിയർ', 'കാമദേവൻ നക്ഷത്രം കണ്ടു' തുടങ്ങിയവയുടെ മേളയിലെ അവസാന പ്രദർശനം ഇന്നാണ്. വെനീസ് ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കപ്പെട്ട ക്വിയറിന്റെ അവസാന പ്രദർശനം രാത്രി 8.30ന് ഏരീസ്പ്ലെക്സിൽ നടക്കും. 2.15ന് ടാഗോർ തിയേറ്ററിലാണ് 'മെമ്മറീസ് ഓഫ് എ ബേണിങ് ബോഡി' പ്രദർശിപ്പിക്കുന്നത്. വൈകിട്ട് ആറിനു കൈരളിയിലാണു 'റിഥം ഓഫ് ദമാമി'ന്റെ പ്രദർശനം.അജന്ത തിയേറ്ററിൽ 12.15നാണ് 'പാത്തി'ന്റെ പ്രദർശനം.

മലയാളസിനിമ ടുഡേ വിഭാഗത്തിൽ വി.സി. അഭിലാഷിന്റെ എ പാൻ ഇന്ത്യൻ സ്റ്റോറി ആണ് ഏഴാം ദിനത്തിലെ മറ്റൊരു ശ്രദ്ധേയ ചിത്രം. രാവിലെ 9.15ന് ശ്രീ തിയേറ്ററിൽ ആണ് പ്രദർശനം. ഹരി, റെജി എന്നീ സുഹൃത്തുക്കളുടെ കുടുംബങ്ങളുടെ കൂടിച്ചേരലിനെ തുടർന്ന് നടക്കുന്ന സംഭവവികാസങ്ങളിലൂടെയാണ് കഥ വികസിക്കുന്നത്. ഏഴാം ദിനത്തിലെ മറ്റൊരു മുഖ്യആകർഷണമാണ് 'ഇന്ത്യൻ സ്വതന്ത്ര സിനിമയിലെ സ്ത്രീകളുടെ പങ്ക്' എന്ന വിഷയത്തിൽ ഹോട്ടൽ ഹൊറൈസണിൽ നടക്കുന്ന 'ഫീമെയിൽ വോയ്സസ് പാനൽ'. രാവിലെ 11 മണി മുതൽ 12.30 വരെയാണ് ചർച്ച. നിള തിയേറ്ററിൽ ഉച്ചതിരിഞ്ഞ് 2.30ന് ജൂറി അംഗമായ നാന ജോർജേഡ്സെയുമായി ആദിത്യ ശ്രീകൃഷ്ണ നടത്തുന്ന സംഭാഷണവും ഉണ്ടാകും.




## പാർശ്വവത്കരിക്കപ്പെട്ടവരുടെ ജീവിത കഥ പുറംലോകത്തോടു പറയാൻ സിനിമയ്ക്കു കഴിയുന്നു – മീറ്റ് ദ ഡയറക്ടർ ചർച്ച

പാർശ്വവത്കരിക്കപ്പെട്ട മനുഷ്യരുടെ ജീവിതകഥകൾ പുറംലോകത്തോട് പറയാൻ സിനിമ എന്ന മാധ്യമത്തിന് കഴിയുന്നു എന്ന് മീറ്റ് ദ ഡയറക്ടർ പരിപാടിയിൽ പങ്കെടുത്ത ചലച്ചിത്ര പ്രവർത്തകർ. യുവ സംവിധായകർ നേരിടുന്ന പ്രശ്നങ്ങളടക്കം ചർച്ച ചെയ്ത പരിപാടി ഏറെ ശ്രദ്ധ നേടി.

തന്റെ സിനിമ ആസാമിലെ ബാഗ്ജാനിലുള്ളവരുടെ ശബ്ദമാണെന്ന്, ബാഗ്ജാൻ വാതകച്ചോർച്ച പ്രമേയമാക്കിയ 'ബാഗ്ജാൻ' എന്ന സിനിമയുടെ സംവിധായകൻ ജയചിങ് ജായി ദേഹോത്യ പരിപാടിയിൽ പറഞ്ഞു. 2020ൽ അസമിലുണ്ടായ ദുരന്തത്തിന്റെ ഇരകളാണ് ചിത്രത്തിലഭിനയിച്ചവരിൽ ഒരാൾ ഒഴികെയുള്ളവരെല്ലാം. ദുരന്തബാധിതർക്ക് വേണ്ട ശ്രദ്ധ ലഭിച്ചിട്ടില്ലെന്നും അവരുടെ പ്രശ്നങ്ങൾ പുറംലോകത്തെത്തിക്കാനാണ് സിനിമയിലൂടെ ശ്രമിച്ചതെന്നും ദേഹോത്യ വ്യക്തമാക്കി.

ഈ ചലച്ചിത്ര മേളയിലൂടെ തന്റെ സ്വപ്നമാണ് യാഥാർഥ്യമായതെന്ന് 'ഗേൾഫ്രണ്ട്' സിനിമയുടെ സംവിധായിക ശോഭന പടിഞ്ഞാറ്റിൽ പറഞ്ഞു. ഏറെ പ്രതിസന്ധികൾക്ക് ശേഷം ചെയ്ത ആദ്യ സിനിമയുടെ ആദ്യ പ്രദർശനം ഐഎഫ്എഫ്കെയിൽ നടന്നത് വലിയ നേട്ടമാണെന്നും ശോഭന പറയുന്നു. കുടിയേറ്റക്കാർ ഇപ്പോഴും അനുഭവിക്കേണ്ടി വരുന്ന വംശീയ വിദ്വേഷമാണ് 'എൽബോ' സിനിമയുടെ പ്രമേയമെന്നും താനും പലപ്പോഴും ഇത്തരം വിദ്വേഷത്തിനിരയായിട്ടുണ്ടെന്നും ചിത്രത്തിലെ നടി ജമീലിയ ബാഗ്ദാഹ് പറഞ്ഞു. ഒന്നര മണിക്കൂറോളം നീണ്ടുനിന്ന പരിപാടി അവസാനിക്കുമ്പോഴും ചോദ്യങ്ങൾ അവസാനിച്ചിരുന്നില്ല. മീരാ സാഹിബ് മോഡറേറ്ററായ പരിപാടിയിൽ സംവിധായകരായ ഭരത് സിംഗ് പരിഹർ ( ഷീപ് ബാൺ), അഭിനേതാക്കളായ പൗളിന ബെർണിനി (മെമ്മറീസ് ഓഫ് എ ബേണിങ് ബോഡി), മോനൂജ് ബോർകകോതൈ (ബാഗ്ജാൻ) സഹർ സ്തുദേഹ് (വെയിറ്റ് അൺടിൽ സ്പ്രിങ്) ,കഥാകൃത്തായ രമേന്ദ്ര സിംഗ് (ഷീപ് ബാൺ), നിർമ്മാതാവായ ഡാനിയേൽ സേർജ് (അനിമൽ ഹ്യൂമനോ) എന്നിവർ പങ്കെടുത്തു. ബാലു കിരിയത്ത് പരിപാടിയിൽ പങ്കെടുത്തവർക്ക് നന്ദി പറഞ്ഞു.

## കണ്ടവർ പറയുന്നു – വ്യത്യസ്തം ഈ സിനിമ ലോകം

സിനിമയുടെ ഉത്സവമായ 29-ാമതു കേരള രാജ്യാന്തര ചലച്ചിത്ര മേളയക്കു തിരശീല വീഴാൻ രണ്ടു ദിവസം കൂടെ ശേഷിക്കുമ്പോൾ സിനിമ ജീവിതമാക്കിയവരും ഇഷ്ടപ്പെടുന്നവരും പഠിക്കുന്നവരും സംസാരിക്കുന്നു.

അഹമ്മദാബാദ് എൻഐടിയിൽ ചലച്ചിത്ര പഠനം നടത്തുന്ന സാന്ത്വനയ്ക്ക് സിനിമ, ജീവിതത്തിൽ എന്നും നിലനിൽക്കുന്ന ഒരു ഘടകമാണ്. ജീവിതത്തെ നോക്കി കാണുന്ന രീതിയിൽ വലിയ വ്യത്യാസങ്ങൾ വരുത്താൻ സിനിമ സഹായിച്ചിട്ടുണ്ടെന്നും സാന്ത്വന പറയുന്നു.

ഡിജിറ്റൽ മാർക്കറ്റിങ് ചെയുന്ന നിതിൻ ഭാസ്കരന് സിനിമ മറ്റു സംസ്കാരങ്ങളിലേക്കുള്ള കണ്ണാടിയാണ്. തന്റെ കാഴ്ചപ്പാടുകളെ രൂപീകരിക്കാൻ സിനിമ തന്നെ സഹായിച്ചിട്ടുണ്ടെന്നും നിതിൻ.

സംവിധായക ആദിത്യ ബേബിക്ക് തന്റെ സ്വപ്നവും ജീവിതവുമാണ് സിനിമ. തന്റെ ചിന്തകൾക്കും ചിത്രങ്ങളെ സമീപിക്കുന്ന രീതികൾക്കും മാറ്റം ഉണ്ടായത് സിനിമ വഴിയാണ്.

വിദ്യാർത്ഥിയായ ആര്യയ്ക്ക്, സിനിമ ജീവിതത്തിന്റെ യാഥാർഥ്യത്തിൽ നിന്നൊരു ബ്രേക്കാണ്. സിനിമയുടെ ലോകത്തിൽ മുഴുകുമ്പോൾ പുതിയ ജീവിതങ്ങൾ കാണാൻ സാധിക്കുന്നു.

വിദ്യാർഥിയായ അശ്വതിക്ക് സിനിമ ഒരു കൂട്ടാണ്. തന്റെ അതേ അനുഭവങ്ങളിലൂടെ പോകുന്ന മനുഷ്യരെ പലപ്പോഴും സിനിമയിലൂടെ കാണാൻ സാധിക്കും. ലോകത്താകമാനമുള്ള മനുഷ്യരുടെ പ്രശ്നങ്ങൾ സിനിമ നമ്മുക്ക് മുന്നിൽ വരച്ചു കാട്ടുന്നു - അശ്വതി പറയുന്നു.

## റിലീസിന് 33 വർഷങ്ങൾക്ക് ശേഷവും ആവേശം ചോരാതെ അമരം

ഛായാഗ്രാഹകൻ മധു അമ്പാട്ടിനൊപ്പം സിനിമ കാണാൻ കഴിഞ്ഞതിന്റെ സന്തോഷത്തിൽ ആരാധകർ

29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ മധു അമ്പാട്ട് റെട്രോസ്പെക്റ്റീവ് വിഭാഗത്തിൽ മലയാള ചലച്ചിത്രം 'അമരം' പ്രദർശിപ്പിച്ചു. ലോഹിതദാസ് തിരക്കഥയെഴുതി ഭരതൻ സംവിധാനം ചെയ്ത് 1991ൽ പുറത്തിറങ്ങിയ ചിത്രത്തിന്റെ ചായഗ്രഹകൻ മധു അമ്പാട്ടാണ്. സിനിമയുടെ പല രംഗങ്ങൾക്കും വൻ കൈയടിയാണ് ലഭിച്ചത്. സിനിമയുടെ ഭാഗമായ, മണ്മറഞ്ഞു പോയ കലാകാരന്മാരുടെ ഓർമ പുതുക്കൽ വേദി കൂടിയായി പ്രദർശനം മാറി. സിനിമയിലെ എല്ലാ രംഗങ്ങളും തനിക്ക് പ്രിയപ്പെട്ടതാണെന്നു ചോദ്യോത്തരവേളയിൽ മധു അമ്പാട്ട് പ്രതികരിച്ചു. സിനിമാ ജീവിതത്തിൽ അൻപത് വർഷം തികയ്ക്കുന്ന മധു അമ്പാട്ടിനോടുള്ള ആദരസൂചകമായാണ് മേളയിൽ 'അമരം' പ്രദർശിപ്പിച്ചത്.

## തമിഴ് സിനിമ സംവിധാനം ചെയ്ത് കയ്യടി വാങ്ങിയ മലയാളി

29ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ ഏറെ പ്രശംസ പിടിച്ചുപറ്റിയ ചിത്രമാണ് അങ്കമ്മാൾ. അടിച്ചേൽപ്പിക്കലിന്റെ കഥ ഒരു ബ്ലൗസിൽ കൂടി പറഞ്ഞു പോവുകയാണ് സംവിധായകൻ ചെയ്യുന്നത്. എഴുത്തുകാരൻ പെരുമാൾ മുരുകന്റെ ചെറുകഥയെ അടിസ്ഥാനമാക്കിയാണ് ചിത്രം ഒരുക്കിയിരിക്കുന്നത്.

ചിത്രത്തിന് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. മലയാളിയായ വിപിൻ രാധാകൃഷ്ണനാണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്. തമിഴ് സംസാരിക്കാൻ പ്രയാസമുണ്ടെങ്കിലും കേട്ടാൽ മനസ്സിലാകുമെന്ന് വിപിൻ പറയുന്നു. ഭാഷയിലുള്ള പരിമിതികൾ അഭിനേതാക്കളും അണിയറപ്രവർത്തകരുമെല്ലാം ചേർന്നപ്പോൾ വലിയൊരു പ്രശ്നം അല്ലാതായിത്തീർന്നെന്ന് അദ്ദേഹം പറഞ്ഞു.

പെരുമാൾ മുരുകന്റെ ചെറുകഥ കോടിത്തുണിയെ അടിസ്ഥാനമാക്കിയാണ് ചിത്രം എടുത്തിരിക്കുന്നത്. ഒരുഗ്രാമത്തിൽ മകൻ അമ്മയെ ബ്ലൗസ് ഇടീക്കാൻ ശ്രമിക്കുന്നതാണ് കോടിത്തുണി എന്ന ചെറുകഥയിൽ പറയുന്നത്. വായിച്ചപ്പോൾ വളരെ ആകാംക്ഷ തോന്നി. ആ ചെറുകഥയുടെ തീം ഇപ്പോഴും യൂണിവേഴ്സലി പ്രാധാന്യമർഹിക്കുന്നുണ്ടെന്ന് തോന്നി. അതാണ്




ഈ പടം ചെയ്യാനുള്ള പ്രചോദനം.

തമിഴ് കേട്ടാൽ എനിക്ക് മനസ്സിലാകും. പറയാനുള്ള ബുദ്ധിമുട്ടേയുള്ളു. അഭിനേതാക്കളുടെ ഇൻഫ്ളുവൻസൊക്കെ ഭാഷാ പ്രശ്നത്തെ മറികടക്കാൻ സഹായിച്ചിട്ടുണ്ട്. ചിത്രത്തിന്റെ സംഭാഷണം എഴുതിയത് സുധാകരും സന്ദീപുമാണ്. സുധാകർ ഇതിലൊരു കഥാപാത്രത്തെ അവതരിപ്പിച്ചിട്ടുണ്ട്. തിരുനെൽവേലിയിൽ നിന്നുള്ളയാളാണ് സുധാകർ.

സുഹൃത്തുക്കളായ അഞ്ജയ് സാമുവലും ഫിറോസ് റഹീമും കൂടിയാണ് ചിത്രം നിർമിച്ചിരിക്കുന്നത്. അഞ്ജയ് സാമുവലാണ് ചിത്രത്തിന്റെ ഡി.ഒ.പി. ശംസുദ്ധീൻ ഖാലിദ്, അനു എബ്രഹാം എന്നിവരാണ് കോ പ്രൊഡ്യൂസർമാർ.

ഗീത കൈലാസമാണ് അങ്കമ്മാൾ എന്ന കഥാപാത്രമായി ചിത്രത്തിൽ എത്തിയത്. ഒരു സുഹൃത്ത് വഴിയാണ് ഗീതാ കൈലാസത്തിലേക്ക് എത്തുന്നത്. അങ്കമ്മാൾ എന്ന ക്യാരക്ടറിനെക്കുറിച്ച് അറിഞ്ഞപ്പോൾ തന്നെ സുഹൃത്ത് ഗീതാ കൈലാസത്തെ നിർദേശിക്കുകയായിരുന്നു. നവരസം അടക്കമുള്ള അവരുടെ ചിത്രങ്ങൾ നേരത്തെ തന്നെ കണ്ടിരുന്നു. മികച്ച ഒരു അഭിനേതാവാണ് അവർ. വളരെ നാച്ചുറലായ, മികച്ച സ്ക്രീൻ പ്രസൻസുള്ള നടിയാണ് ഗീതാ കൈലാസം.

മെയ്യഴകൻ, വട ചെന്നൈയിലൊക്കെ അഭിനയിച്ച ശരൺ ആണ് അങ്കമ്മാളിന്റെ മകന്റെ റോൾ ചെയ്തിരിക്കുന്നത്. വടചെന്നൈയിലെ പെർഫോമൻസ് കണ്ടിട്ടാണ് പുള്ളിയെ ചിത്രത്തിലേക്ക് കാസ്റ്റ് ചെയ്യുന്നത്.

നാടോടികളിലൂടെ എല്ലാർക്കും അറിയുന്ന ആർട്ടിസ്റ്റാണ് ഭരണി. എഴുതിവെച്ച സീനിൽ ചേട്ടൻ ക്യാരക്ടറിന് പുള്ളി അനുയോജ്യനെന്ന് തോന്നി അങ്ങനെയാണ് അദ്ദേഹത്തെ കാസ്റ്റ് ചെയ്യുന്നത്. മുല്ലയരസിയും തെൻട്രലും ഓഡീഷൻ വഴി വന്നതാണ്.

## 'സിഗ്നേച്ചർ ഇൻ മോഷൻ ഫിലിംസ്" വിഭാഗത്തിന് മികച്ച പ്രതികരണം; പ്രദർശിപ്പിക്കുന്നത് 3 ആനിമേഷൻ ചിത്രങ്ങൾ

29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയിലെ 'സിഗ്നേച്ചർ ഇൻ മോഷൻ ഫിലിംസ്' വിഭാഗത്തിൽ പ്രദർശിപ്പിക്കുന്ന മൂന്ന് ആനിമേഷൻ ചിത്രങ്ങൾക്കും മികച്ച പ്രതികരണം. എ ബോട്ട് ഇൻ ദ ഗാർഡൻ, ഷിർക്കോവ: ഇൻ ലൈസ് വി ട്രസ്റ്റ്, ചിക്കൻ ഫോർ ലിൻഡ എന്നിവയാണ് പ്രേക്ഷക ശ്രദ്ധയാകർഷിക്കുന്നത്. കഴിഞ്ഞ ഐഎഫ്എഫ്കെയിലാണ് ആനിമേഷൻ സിനിമകൾ മേളയിൽ ഒരു പ്രത്യേക വിഭാഗമായി ആദ്യം അവതരിപ്പിച്ചത്.

ആനിമേഷൻ ചിത്രങ്ങൾക്ക് കിട്ടുന്ന അംഗീകാരവും പ്രാധാന്യവും കേരളത്തിന്റെ ചലച്ചിത്ര സംസ്കാരത്തിലേക്കും കൊണ്ടുവരാനാണ് 'സിഗ്നേച്ചർ ഇൻ മോഷൻ ഫിലിംസ്' വിഭാഗത്തിലൂടെ ശ്രമിക്കുന്നതെന്ന് ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ് പറഞ്ഞു. ആനിമേഷൻ സിനിമകളോട് പുതുതലമുറയ്ക്ക് ഏറെ പ്രിയമാണെന്നും മറ്റ് സിനിമകളെപ്പോലെ തന്നെ പ്രാധാന്യം നൽകേണ്ടതാണെന്നുമുള്ള വസ്തുത കൂടി കണക്കിലെടുത്താണ് 'സിഗ്നേച്ചർ ഇൻ മോഷൻ ഫിലിംസ്' പാക്കേജ് ഒരുക്കിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശിയാറാ മാൾട്ടയും സെബാസ്റ്റ്യൻ ലോഡെൻബാക്കും ചേർന്ന് സംവിധാനവും തിരക്കഥയും നിർവഹിച്ച ചിത്രമാണ് ചിക്കൻ ഫോർ ലിൻഡ. പാചകമറിയാത്ത പോളിറ്റ്, മകൾ ലിൻഡയെ അന്യായമായി ശിക്ഷിച്ചതിന് പ്രായശ്ചിത്തമായി ചിക്കൻ വിഭവം തയ്യാറാക്കാൻ നെട്ടോട്ടമോടുന്ന കഥയാണ് ചിത്രം പറയുന്നത്. 2023ലെ സെസാർ പുരസ്കാരവും മാഞ്ചസ്റ്റർ ആനിമേഷൻ ഫെസ്റ്റിവലിൽ മികച്ച ആനിമേഷൻ ചിത്രത്തിനുമുള്ള പുരസ്കാരവും ലഭിച്ചിട്ടുണ്ട് ചിക്കൻ ഫോർ ലിൻഡയ്ക്ക്.

ജീൻ ഫ്രാൻസ്വ സംവിധാനം ചെയ്ത എ ബോട്ട് ഇൻ ദ ഗാർഡൻ, സർഗാത്മക സ്വപ്നങ്ങൾ കാണുന്ന ഫ്രാൻസ്വ എന്ന കുട്ടിയുടെ കഥയാണ് പറയുന്നത്. കാൻ ചലച്ചിത്രമേള ഉൾപ്പെടെ വിവിധ അന്താരാഷ്ട്ര മേളകളിൽ ചിത്രം പ്രദർശിപ്പിച്ചിട്ടുണ്ട്.

പരസ്പര വ്യത്യാസം മറയ്ക്കാൻ തല കടലാസു സഞ്ചികൾ കൊണ്ട് മൂടിയ ഒരുജനതയുടെ കഥയാണ് ഇഷാൻ ശുക്ല സംവിധാനം ചെയ്ത 'ഷിർക്കോവ: ഇൻ ലൈസ് വി ട്രസ്റ്റി'ൽ പറയുന്നത്. 2024ൽ റോട്ടർഡാം അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ മികച്ച ചിത്രത്തിനുള്ള പുരസ്കാരം സിനിമ സ്വന്തമാക്കിയിട്ടുണ്ട്.

